## പതിമൂന്നാം കേരള നിയമസഭ

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3369** **29.01.2014 ൽ മറുപടിയ്ക്ക്.**

## കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.എം.എ.വാഹിദ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) കൃഷിഭവനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(എ) 01.09.1987 മുതലാണ് കേരളത്തിൽ പഞ്ചായത്തു തലത്തിൽ കൃഷി ഭവനുകൾ നിലവിൽ വന്നിട്ടുള്ളത്. അന്നുമുതൽ സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികളും, ത്രിതല പഞ്ചായത്ത് മുഖേനയുള്ള കാർഷിക പദ്ധതികളും കൃഷി ഭവൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. പഞ്ചായത്തുകൾക്കു പുറമേ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കൃഷി ഭവൻ പ്രവർത്തിക്കുന്നുണ്ട്.

1. കർഷകർക്കുള്ള സാമ്പത്തികസഹായം കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നു.
2. പ്രകൃതിക്ഷോഭം മൂലം കൃഷിയിടങ്ങളിലുണ്ടാകുന്ന നാശനഷ്ടങ്ങൾ സ്ഥലപരിശോധന നടത്തി സ്ഥിതിവിവര കണക്കുകൾ സർക്കാരിനെ അറിയിക്കുകയും നഷ്ടപരിഹാരം ലഭ്യമാക്കി കർഷകർക്ക് നൽകുകയും ചെയ്യുന്നു.
3. കൃഷിക്ക് ആവശ്യമായ വിവിധ ഉൽപാദനോപാധികളുടെ ലഭ്യത ഉറപ്പ് വരുത്തുന്നു, കർഷകർക്ക് വിവിധ വിഷയങ്ങളെ ആസ്പദമാക്കി ചർച്ചാ ക്ലാസ്സുകൾ, മേളകൾ, സെമിനാറുകൾ എന്നിവ കൃഷിഭവൻ തലത്തിൽ നടത്തുന്നു.
4. കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു. ഇതിനായി കൃഷി ഭവനുകളിൽ കാർഷിക വികസന സമിതിയുടെ യോഗം ചേരുകയും പദ്ധതികളെക്കുറിച്ച് അറിയിക്കുകയും ഗുണഭോക്താക്കളെ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കുകയും ചെയ്യുന്നു.
5. വിവിധ സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, മുഖാമുഖം പരിപാടികൾ, ഇവയിൽ പഞ്ചായത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുകയും അഭിപ്രായ സമന്വയത്തിൽ എത്തുകയും ചെയ്യുന്നു.

6. ഗവേഷണ സ്ഥാപനങ്ങളും, മറ്റു പ്രമുഖ സ്ഥാപനങ്ങളും വികസിപ്പിച്ചെടുത്ത കൃഷി അനുബന്ധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യകളും, പ്രായോഗികരീതികളും കർഷകരിലേക്ക് എത്തിച്ചു കൊടുക്കുന്നതിനായി പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.
7. നൂതനങ്ങളായ ആശയങ്ങളും സാങ്കേതിക വിദ്യകളും. രീതികളും കണ്ടു മനസ്സിലാക്കി പഠിക്കുന്നതിനും. സ്വായത്തമാക്കുന്നതിനുമായി കർഷകർക്കായി സന്ദർശന പഠന യാത്രാ പരിപാടികൾ, പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.
8. കർഷക ദിനത്തിൽ ഏറ്റവും നല്ല കൃഷിക്കാരെ തെരഞ്ഞെടുത്ത് ആദരിക്കുന്നു.
9. ഉൽപാദന വർദ്ധനവിനും, മികവിനും. വരുമാന വർദ്ധനവിനും ഉതകുന്ന വിധം നൂതന സാങ്കേതിക വിദ്യകളും രീതികളും പഠിപ്പിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനും. ആവശ്യമായ ലഘുലേഖകളും, പുസ്തകങ്ങളും വിതരണം ചെയ്യുന്നു.
10. കാർഷിക മേഖലകളിൽ ഉൽപാദനം സംസ്ക്കരണം. വിപണനം എന്നിവയുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന പരിഹരിക്കുന്നു.
11. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വഴി കീടരോഗങ്ങൾ കണ്ടെത്തുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നു.
12. മികച്ച കർഷകരെ കണ്ടെത്തി അവാർഡും അംഗീകാരവും നൽകുന്നു.
13. പുരോഗമന കർഷകരുടെ ഫാമുകളിൽ വച്ച് അവർ അവലംബിച്ചിരിക്കുന്ന നൂതന മാർഗ്ഗങ്ങളും, സാങ്കേതങ്ങളും മറ്റ് കർഷകർക്ക് പ്രായോഗികമായി പഠിപ്പിച്ച് കൊടുക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഫാം സ്കൂളുകൾ നടപ്പിലാക്കുന്നു.

| | |
|---|---|
| (ബി) കർഷകരുടെ കൃഷി വിവരങ്ങളും അടിസ്ഥാന വിവരങ്ങളും കൃഷി ഭവൻ വഴി ശേഖരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ: | (ബി) സ്വീകരിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) 1. രജിസ്ട്രേഷനു വേണ്ടി കൃഷിഭവനിൽ ലഭ്യമായ അപേക്ഷകളടക്കം കർഷകർ പൂരിപ്പിച്ച് കൃഷി ഭവനുകളിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷകൾ, അക്ഷയ കേന്ദ്രങ്ങളിൽ എത്തിക്കുകയും അവിടെ വച്ച് അപേക്ഷകളിലെ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുകയും ചെയ്യുന്നു.<br>2. കർഷക ഡേറ്റാബേസ് പൂർത്തിയാക്കുന്ന മുറയ്ക്ക് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നൽകുകയും ചെയ്യുന്നു.<br>സംസ്ഥാനത്തൊട്ടാകെ 1877749 കർഷകർ ഇതിനകം അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 1560409 അപേക്ഷകരുടെ ഓൺലൈൻ ഡേറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്.<br>3. രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ, വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ പ്രാഥമികമായി തെരഞ്ഞെടു ക്കുന്നതിന് സാധിക്കുന്നു.<br>4. കൂടാതെ കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് ലഭിക്കുന്നു.<br>5. കൃഷിയെ സംബന്ധിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിന് സഹായിക്കുന്നു. |

---

സെക്ഷൻ ഓഫീസർ